# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3420

10.12.2018-ൽ മറുപടിക്ക്

### പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സി.ഡബ്ല്യൂ.പി.ആർ എസ്.-ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി താഴെപറയുന്ന പഠനങ്ങൾ നടത്തുന്നതിനാണ് സി.ഡബ്ല്യൂ. പി.ആർ.എസ്.നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>1. Mathematical model study for hydrodynamics and sedimentation<br>2. Mathematical model studies for shore line changes<br>3. Mathematical model studies for wave tranquility<br>4. Geotechnical stability studies for breakwaters<br>5. Desk and wave flume studies for the design of breakwaters<br><br>മേൽ പരാമർശിച്ച അഞ്ച് പഠനങ്ങളിൽ 1 മുതൽ 3 വരെയുള്ള പഠന റിപ്പോർട്ട് സി.ഡബ്ല്യൂ. പി.ആർ.എസ്.ൽ നിന്നും ലഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് പഠനങ്ങളുടെ റിപ്പോർട്ട് ലഭിക്കുവാനുണ്ട്. |
| (ബി) | അപ്രകാരം അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സി.ഡബ്ല്യൂ. പി.ആർ.എസ്-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | സി.ഡബ്ല്യൂ.പി.ആർ എസ്.-ന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | സി.ഡബ്ല്യൂ. പി.ആർ.എസ്-ൽ നിന്നും ലഭിച്ച പഠന റിപ്പോർട്ടിന്മേൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള അഭിപ്രായക്കുറിപ്പുകൾ കൂടി പഠന ഏജൻസി അവലോകനം ചെയ്ത് തുടർ പഠനം നടത്തിയശേഷം മാത്രമേ സി.ഡബ്ല്യൂ. പി.ആർ.എസ്-ൽ നിന്നും അന്തിമ റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | | | ലഭിക്കുകയുള്ളൂ. സി.ഡബ്ല്യൂ.പി.ആർ.എസ് അധികൃതരുമായി ബന്ധപ്പെട്ട് അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ